**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4478** **01-07-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ ഇ - ചാർജ്ജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ഇ-വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് വേണ്ടി എത്ര വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവർത്തനസജ്ജമായെന്നും അറിയിക്കാമോ; | (എ) | കെ.എസ്.ഇ ബി.എൽ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ വിവിധ ഭാഗങ്ങളിലായി അഞ്ച് (5) പോൾ മൗണ്ടഡ് ചാർജ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട് ഇവയെല്ലാം പ്രവർത്തന സജ്ജമാണ്.<br><br>കുന്നത്തുനാട് മണ്ഡലത്തിൽ ഇ-വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി ശ്രീ.ജോയ്. എ. ജെ. എന്ന വ്യക്തി കിഴക്കമ്പലത്ത് സ്ഥാപിച്ച 25 kW -ന്റെ പബ്ലിക് ഇ വി ചാർജിംഗ് സ്റ്റേഷന് Rs.1,50,000/- രൂപ സബ്സിഡി അനെർട്ട് മുഖേന അനുവദിച്ചിരുന്നു. ഇപ്പോൾ ഈ പബ്ലിക് ഇ-കാർ ചാർജിംഗ് സ്റ്റേഷൻ പ്രവർത്തനക്ഷമമാണ്. |
| (ബി) | പ്രസ്തുത നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പുതുതായി ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | 2019-ൽ പുറത്തിറക്കിയ കേരള സർക്കാറിന്റെ വൈദ്യുത വാഹനനയം പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ ചാർജ്ജിംഗ് സംവിധാനങ്ങൾക്കുള്ള നോഡൽ ഏജൻസിയായി തിരഞ്ഞെടുത്തിട്ടുണ്ട്. അതിൻ പ്രകാരം സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾക്ക ചാർജിഗിംന് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതിരുന്ന തുടക്ക കാലത്താണ് ഇ-മൊബിലിറ്റി സുഗമമാക്കുക എന്ന സർക്കാർ നയം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പ്രാഥമിക അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്നതിനായി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജ് പോയിൻറുകളും സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് സജ്ജീകരിച്ചത്.<br><br>എല്ലാ ജില്ലകളിലുമായി പുതുതായി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കാൻ കണ്ടെത്തിയ 2392 സ്ഥലങ്ങളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട MLA/MP-മാരുടെ ആസ്തി വികസന ഫണ്ടോ ഇതര സാമ്പത്തിക |

| | | | |
|---|---|---|---|
| | | | സഹായമോ ലഭ്യമാക്കുന്നതിനുള്ള ശ്രമവും നടത്തിവരുന്നുണ്ട്.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വിപുലമായ ചാർജ്ജിംഗ് ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് വൈദ്യുത വാഹന രംഗത്ത് വലിയ കുതിച്ചുചാട്ടത്തിന് സംസ്ഥാനം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. ഇന്നത്തെ നിലയിൽ 1.6 ലക്ഷത്തോളം വൈദ്യുത വാഹനങ്ങളാണ് കേരളത്തിന്റെ നിരത്തുകളിൽ ഓടുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്ഥാപിച്ച സ്റ്റേഷനുകൾക്ക് പുറമേ 680-ൽപരം ചാർജ്ജിംഗ് സംവിധാനങ്ങളും സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്.<br><br>കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡ പ്രകാരം ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നത് ലൈസൻസ് ആവശ്യമില്ലാത്ത പ്രവൃത്തിയാണ്. അതിൻ പ്രകാരം വ്യക്തികൾക്കോ സ്വകാര്യ സംരംഭകർക്കോ സാങ്കേതിക സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ